# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:13.10.2025**

### പ്രധാനവാർത്തകൾ

1. സംസ്ഥാന വികസനത്തിനായി നവ കേരള വികസന-ക്ഷേമ പരിപാടി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

2. സ്കൂൾ അധ്യാപകരുടെ ഭിന്നശേഷി സംവരണത്തിൽ എൻഎസ്എസ് മാനേജുമെന്റിനു ലഭിച്ച ആനുകൂല്യം മറ്റ് മാനേജുമെന്റുകൾക്കും നൽകണമെന്നതാണ് സർക്കാർ നിലപാടെന്ന് മന്ത്രി വി ശിവൻകുട്ടി.

3. തിരുവനന്തപുരത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരാൾ കൂടി മരിച്ചു. സംസ്ഥാനത്ത് മരിച്ചവരുടെ ആകെ എണ്ണം 24 ആയി.

4. ബോംബ് ഭീഷണിയെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ ശക്തമാക്കിയതായി സംസ്ഥാന പൊലീസ്.

5. സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. ആറ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

6. വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് 121 റൺസ് വിജയലക്ഷ്യം.

RNU TVPM

*****************************

## മുഖ്യമന്ത്രി- വാർത്താസമ്മേളനം

സംസ്ഥാന വികസനത്തിനായി നവ കേരള വികസന ക്ഷേമ പഠന പരിപാടി നടപ്പാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നവകേരളം സിറ്റിസൺസ് റെസ്പോൺസ് പ്രോഗ്രാം എന്ന പേരിൽ നടപ്പാക്കുന്ന പരിപാടിയുടെ ഭാഗമായി സന്നദ്ധസേനാംഗങ്ങൾ ജനങ്ങളുടെ അടുക്കലെത്തി അഭിപ്രായം തേടും. ഇതിന്റെ അടിസ്ഥാനത്തിൽ തയാറാക്കുന്ന റിപ്പോർട്ട് കണക്കിലെടുത്താണ് പുതിയ പദ്ധതി നടപ്പാക്കുന്നതെന്നും മുഖ്യമന്ത്രി തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. സംസ്ഥാന വികനത്തിനായി സമഗ്രമായ നടപടികളാണ് സർക്കാർ ഇതുവരെ സ്വീകരിച്ചിരുന്നതെന്നും ഇത് ക്രിയാത്മകമായി മുന്നോട്ടു കൊണ്ടു പോകുമെന്നും അദ്ദേഹം പറഞ്ഞു.

***************************

## ഭിന്നശേഷി സംവരണം- ശിവൻകുട്ടി

സ്കൂൾ അധ്യാപകരുടെ ഭിന്നശേഷി സംവരണത്തിൽ എൻഎസ്എസ് മാനേജുമെന്റിനു ലഭിച്ച ആനുകൂല്യം മറ്റ് മാനേജുമെന്റുകൾക്കും ലഭിക്കണമെന്നതാണ് സർക്കാരിന്റെ നിലപാടെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. ഇക്കാര്യം കോടതിയെ അറിയിക്കുമെന്നും തീരുമാനം വന്ന ശേഷം ആവശ്യമെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവ് മാറ്റി ഇറക്കുമെന്നും മന്ത്രി പറഞ്ഞു. ഭിന്നശേഷി നിയമനത്തിനായി സംസ്ഥാന, ജില്ലാ തലങ്ങളിൽ രൂപീകരിച്ച സമിതികൾ തുടരുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

***************************

RIU TVPM

## അമീബിക് മസ്തിഷ്ക ജ്വരം (ഇൻട്രോ)

സംസ്ഥാനത്ത് അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് മരിച്ചവരുടെ എണ്ണം 24 ആയി. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്ന കൊല്ലം സ്വദേശിയാണ് ഇന്ന് മരിച്ചത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ് )

അതെസമയം, സംസ്ഥാനത്ത് മൂന്ന് പേർക്ക് കൂടി ഇന്ന് രോഗം സ്ഥിരീകരിച്ചു. കോഴിക്കോട് ചികിത്സയിൽ കഴിയുന്ന കണ്ണൂർ സ്വദേശിയായ മൂന്നര വയസുകാരനും കാസർകോട് സ്വദേശിയായ ആറ് വയസുകാരനുമാണ് പുതുതായി രോഗം റിപ്പോർട്ട് ചെയ്തത്. പാലക്കാട് 62 കാരനും പുതിയതായി രോഗം സ്ഥിരീകരിച്ചിട്ടുണ്ട്.

***************************

RNU TVPM

## മുല്ലപ്പെരിയാർ

മുല്ലപ്പെരിയാർ ഡാമിൽ ബോംബ് ഭീഷണിയെ തുടർന്ന് പോലീസ് സുരക്ഷ ശക്തമാക്കി. അണക്കെട്ടിൽ ബോംബ് വെച്ചിട്ടുണ്ടെന്ന ഇ-മെയിൽ ഭീഷണി തൃശൂർ ജില്ലാ കോടതിയിലാണ് ആദ്യം ലഭിച്ചത്. ഉടൻ തന്നെ കോടതി അധികൃതർ ഇത് തൃശൂർ കളക്ടർ മുഖേന ഇടുക്കി കളക്ടർക്ക് നൽകുകയായിരുന്നു. തുടർന്ന് ഇടുക്കി പൊലീസും ബോംബ് സ്ക്വാഡും ഡോഗ് സ്ക്വാഡും സംയുക്തമായാണ് അണക്കെട്ടിൽ പരിശോധന നടത്തിയത്.

***************************

## NIIST ഗോൾഡൻ ജൂബിലി-ഇൻട്രോ

വ്യായാമം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന കലോറി പ്രയോജനപ്പെടുത്തി മൊബൈൽ ഫോൺ ചാർജ്ജു ചെയ്യുന്ന ഉപകരണം വികസിപ്പിച്ച് തിരുവനന്തപുരത്തെ കേന്ദ്ര സ്ഥാപനമായ NIIST. ബുധനാഴ്ച നടക്കുന്ന ഇൻസ്റ്റിറ്റ്യൂട്ടിൻറെ സുവർണ ജൂബിലി ആഘോഷങ്ങൾക്കിടെ കേന്ദ്ര ശാസ്ത്ര, സാങ്കേതികവിദ്യാ സഹമന്ത്രി ജിതേന്ദ്ര സിങ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി..**

(വോയ്സ്)

RNU TVPM

****************************

## മന്ത്രി കെ. രാജൻ

വയനാട് ഉരുൾപൊട്ടലിന് ഇരയായവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക സംബന്ധിച്ചുള്ള പരാതികൾ പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതായി മന്ത്രി കെ. രാജൻ. ആദ്യഘട്ടത്തിൽ 402 കുടുംബങ്ങളെയും രണ്ടാം ഘട്ടത്തിൽ 49 കുടുംബങ്ങളെയുമാണ് പട്ടികയിൽ ഉൾപ്പെടുത്തിയതെന്നും റവന്യുമന്ത്രി അറിയിച്ചു.

****************************

## വോട്ടർപട്ടിക

സംസ്ഥാനത്ത് തദ്ദേശ തിരഞ്ഞെടുപ്പിനുള്ള വോട്ടർപട്ടികയിൽ പേര് ചേർക്കാനുള്ള സമയം നാളെ അവസാനിക്കും. കരട് വോട്ടർപട്ടികയിൽ ഉൾപ്പെട്ട വോട്ടർമാർക്കും പുതുതായി പേര്

ചേർക്കുന്നവർക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകും. അന്തിമ വോട്ടർപട്ടിക ഈ മാസം 25 ന് പ്രസിദ്ധീകരിക്കും. പ്രവാസി വോട്ടർമാർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാനും അവസരമുണ്ട്. sec.kerala.gov.in എന്ന വെബ്സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്.

***************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

***************************

## വിക്സിത് ഭാരത് ബിൽഡത്തൺ

രാജ്യത്തെ ഏറ്റവും വലിയ സ്കൂൾ ഹാക്കത്തോണായ 'വികസിത് ഭാരത് ബിൽഡത്തോണിന് തുടക്കമായി. 3 ലക്ഷത്തിലധികം സ്കൂളുകളും 25 ലക്ഷത്തിലധികം വിദ്യാർത്ഥികളും അധ്യാപകരും ഓൺലൈനായി പരിപാടിയിൽ പങ്കെടുത്തു. ബിൽഡത്തോൺ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്തു. 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥികളുടെ സർഗ്ഗാത്മകതയും കഴിവുകളും പ്രോൽസാഹിപ്പിക്കുക ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിക്കുന്നത്.

RNU TVPM

***************************

## കാഷ്യൂ കോൺക്ലേവ് - ഇൻട്രോ

കശുവണ്ടി വ്യവസായ മേഖലയിൽ ഗുണകരമായ മാറ്റങ്ങൾ ലക്ഷ്യമിട്ടുള്ള കാഷ്യൂ കോൺക്ലേവ് നാളെ കൊല്ലം ആശ്രാമം ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ......

(വോയിസ്)

***************************

## ടെസ്റ്റ് ക്രിക്കറ്റ്

വെസ്റ്റ് ഇൻഡീസിനെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് 121 റൺസ് വിജയലക്ഷ്യം. വിൻഡീസിന്റെ രണ്ടാം ഇന്നിങ്സ് 390 റൺസിൽ അവസാനിച്ചു. രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗിനിറങ്ങിയ ഇന്ത്യ, നാലാം ദിനം കളി അവസാനിപ്പിക്കുമ്പോൾ ഒരു വിക്കറ്റിന് 63 റൺസ് എന്ന നിലയിലാണ്. ആദ്യ ടെസ്റ്റിൽ ഇന്ത്യയ്ക്കായിരുന്നു ജയം.

RNU TVPM

***************************

## കാലാവസ്ഥ

കേരളത്തിൽ വിവിധ ജില്ലകളിൽ ഒറ്റപ്പെട്ട ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, മലപ്പുറം ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

***************************

## മന്ത്രി കെ.ബി ഗണേഷ് കുമാർ

കണ്ണൂർ പറശ്ശിനിക്കടവിൽ മാർച്ച് മാസത്തോടെ 120 പേർക്ക് സഞ്ചരിക്കാവുന്ന അത്യാധുനിക ടൂറിസ്റ്റ് എ.സി ബോട്ട് എത്തിക്കുമെന്ന് മന്ത്രി കെ.ബി ഗണേഷ് കുമാർ. പറശ്ശിനിക്കടവിന്റെ വികസനത്തിനായി സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും രണ്ട് ബോട്ടുകളുടെ സർവീസ് ഉദ്ഘാടനവും നിർവഹിക്കുകയായിരുന്നു മന്ത്രി.

ചിറക്കലിൽ സംഘടിപ്പിച്ച വികസന സദസും മന്ത്രി ഉദ്ഘാടനം ചെയ്തു.

***************************

## ശ്യാമപ്രസാദ് മുഖർജി - രാജ്ഭവൻ

ഡോ. ശ്യാമ പ്രസാദ് മുഖർജിയുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് തിരുവനന്തപുരം രാജ്ഭവനിൽ അനുസ്മരണ പ്രഭാഷണം സംഘടിപ്പിച്ചു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പരിപാടി ഉദ്ഘാടനം ചെയ്തു.രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും വേണ്ടി പ്രവർത്തിച്ച വ്യക്തിത്വമായിരുന്നു ശ്യാമ പ്രസാദ് മുഖർജിയെന്ന് ഗവർണർ പറഞ്ഞു. ഡോ. ശ്യാമ പ്രസാദ് മുഖർജി റിസർച്ച് ഫൗണ്ടേഷൻ ദേശീയ കോ - ഓർഡിനേറ്റർ ജെ. നന്ദകുമാർ അനുസ്മരണ പ്രഭാഷണം നടത്തി.

RNU TVPM

***************************

## സംഗീത രത്നാകരം പുരസ്കാരം

രത്നാകരൻ ഭാഗവത സംഗീത സഭയുടെ സംഗീത രത്നാകരം പുരസ്കാരത്തിന് കർണാടക സംഗീതജ്ഞ പത്മശ്രീ ഓമനക്കുട്ടി അർഹയായി. മാധവകൃഷ്ണ കെ.എസ്, സുരഞ്ജന വർഷ എസ് ആർ എന്നിവർ യുവപ്രതിഭാ പുരസ്കാരത്തിനും അർഹരായി.

***************************

## യുവമോർച്ച മാർച്ചിൽ സംഘർഷം

ശബരിമലയിലെ സ്വർണപ്പാളി വിഷയത്തിൽ പ്രതിഷേധിച്ച് യുവമോർച്ച നടത്തിയ സെക്രട്ടേറിയറ്റ് മാർച്ചിൽ സംഘർഷം. പ്രവർത്തകർ ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ചതോടെ പൊലീസ് ജല പീരങ്കി പ്രയോഗിച്ചു. ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ മാർച്ച് ഉദ്ഘാടനം ചെയ്തു. ദേവസം മന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് മന്ത്രിയുടെ ഏറ്റുമാനൂരിലെ

ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിലും സംഘർഷമുണ്ടായി.

***************************

## ഒ.ജെ. ജനീഷ്

യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് ഒ.ജെ. ജനീഷിനെ സംസ്ഥാന അധ്യക്ഷനായി പ്രഖ്യാപിച്ചു. പ്രസിഡന്റായിരുന്ന രാഹുൽ മാങ്കൂട്ടത്തിൽ അധ്യക്ഷസ്ഥാനം രാജിവെച്ച സാഹചര്യത്തിലാണ് നിയമനം. ബിനു ചുള്ളിയിലിനെ വർക്കിങ് പ്രസിഡന്റായും തിരഞ്ഞെടുത്തു

***************************

## ഷാഫി പറമ്പിൽ എം പി- കത്ത്

പേരാമ്പ്രയിൽ തന്നെ കയ്യേറ്റം ചെയ്ത പൊലീസുകാർക്ക് എതിരെ നടപടി ആവശ്യപ്പെട്ട് ഷാഫി പറമ്പിൽ എം പി, ലോക്സഭാ സ്പീക്കർക്ക് വീണ്ടും കത്ത് നൽകി. പൊതുജനമധ്യത്തിൽ വച്ച് പോലീസ് തന്നെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയായിരുന്നുവെന്ന് അദ്ദേഹം കത്തിൽ ചൂണ്ടിക്കാട്ടി.

RNU TVPM

***************************

## ഐ.സി. ബാലകൃഷ്ണൻ

സുൽത്താൻ ബത്തേരിയിൽ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ നടത്തുന്ന പ്രത്യേക ബോധവൽക്കരണ പരിപാടി ഐ.സി. ബാലകൃഷ്ണൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു.വിവിധ സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയാണ് അഞ്ച് ദിവസം നീണ്ടുനിൽക്കുന്ന പ്രദർശന- ബോധവൽക്കരണ പരിപാടി നടത്തുന്നത്.

***************************

## ടി.ജെ ഐസക്ക് രാജിവച്ചു

കൽപ്പറ്റ നഗരസഭ ചെയർമാൻ സ്ഥാനം ടി.ജെ ഐസക് രാജിവച്ചു. ഡിസിസി പ്രസിഡൻറിൻറെ കൂടി ചുമതലയുള്ളതിനാൽ സ്ഥാനം ഒഴിയുകയാണെന്ന് അദ്ദേഹം പറഞ്ഞു.

***************************

## പുതിയ ജയിൽ

സംസ്ഥാനത്തെ ജയിലുകളിലെ തടവുകാരുടെ എണ്ണം വർധിക്കുന്ന സാഹചര്യത്തിൽ അട്ടക്കുളങ്ങര വനിതാ ജയിൽ തിരുവനന്തപുരം സെൻട്രൽ പ്രിസൺ കോംപ്ലക്സിലേക്ക് മാറ്റി സ്ഥാപിക്കാനും അട്ടക്കുളങ്ങരയിൽ താൽക്കാലിക സ്പെഷ്യൽ സബ് ജയിൽ തുടങ്ങാനും സർക്കാർ ഉത്തരവായി. ആലപ്പുഴ ജില്ലയിൽ പുതിയ ഒരു സബ് ജയിൽ ആരംഭിക്കാനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

*********************************************************************************
*******************************************************

RNU TVPM